102 (659) ലീഗൽ മെട്രോളജി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലീഗൽ മെട്രോളജി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ പൊതുജനോപകാരപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വ്യാജ അളവ് ഉപകരണങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങളെ കബളിപ്പിക്കുന്ന വ്യാപാരികൾ, ആട്ടോറിക്ഷാ ഡ്രൈവർമാർ, വഴിയോര കച്ചവടക്കാർ, എന്നിവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ഈ വകുപ്പിനുവേണ്ട നിർദ്ദേശം നൽകുമോ;

(സി) ഇത്തരം പ്രശ്നങ്ങളിൽ ഈ വകുപ്പിലെ ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം അനീതിക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വകുപ്പിലെ എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും അവരുടെ സഹായികൾക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം മൂന്നു മേഖലകളായി തിരിച്ച് ഓരോ ഡെപ്യൂട്ടി കൺട്രോളർമാരുടെ കീഴിലാക്കിയിട്ടുണ്ട്. ഓരോ മേഖലയിലും ഓരോ ഫ്ളയിംഗ് സ്കാഡും പ്രവർത്തിക്കുന്നു. കൂടുതൽ ഫ്ളയിംഗ് സ്കാഡ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. വാട്ടർമീറ്ററുകളുടെ പരിശോധന നടത്തി മുദ്രപതിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വർണ്ണാഭരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്തുന്നതിന് ഒരു പഠനം ത്വരിതഗതിയിൽ നടന്നുവരുന്നു. അളവുതൂക്കങ്ങൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് എല്ലാ ഓഫീസുകളിലും പരാതിസെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. പരിശോധന വേഗത്തിലും കൂടുതൽ കൃത്യതയുള്ളതാക്കുന്നതിനുംവേണ്ടി എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും ഇലക്ട്രോണിക് ത്രാസുകൾ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ മേഖലാ ഓഫീസുകളിലും കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. അടുത്ത ഘട്ടമായി എല്ലാ ഇൻസ്പെക്ടർ ആഫീസുകളിലും കമ്പ്യൂട്ടറുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി)&(ഡി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചയോ അനാസ്ഥയോ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

103 (660) മുൻ ജന്മിമാർക്ക് പെൻഷൻ നൽകുന്നതിന് നടപടി

ശ്രീ. വി. ബാലറാം :

ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly